Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

All Kerala Press Release 30.1.2019
*Ref: 649/KCBC/K-6/KPR/DS*

# കെസിബിസി കമ്മീഷൻ സെക്രട്ടറിമാർ

കൊച്ചി: **റവ. ഫാ. സ്റ്റീഫൻ തോമസ് ചാലക്കര** കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ (കെസിബിസി) യൂത്ത് കമ്മീഷൻ സെക്രട്ടറിയും കേരള കാത്തലിക് യൂത്ത് മൂവ്മെന്റ് ഡയറക്ടറുമായി ചുമതലയേറ്റു. തിരുവല്ല തോലശ്ശേരി സെന്റ് ജോസഫ് ഇടവകാംഗമായ അദ്ദേഹം പുനലൂർ രൂപതയിൽ സേവനം ചെയ്യുന്നു. എം.എ. ഇംഗ്ലീഷിൽ ബിരുദാനന്തരബിരുദവും എം.ജി. യൂണിവേഴ്സിറ്റിയിൽ നിന്ന് കമ്മ്യൂണിക്കേഷൻ ആന്റ് ജേർണലിസത്തിൽ മാസ്റ്റർ ബിരുദവും കരസ്ഥമാക്കിയിട്ടുണ്ട്.

**റവ. ഫാ. എബ്രാഹം ഇരുമ്പിനിക്കൽ** കെസിബിസി മീഡിയാ കമ്മീഷൻ സെക്രട്ടറിയായി നിയമിതനായി. തിരുവല്ല അതിരൂപതയിലെ ചുങ്കപ്പാറ സെന്റ് ജോർജ് മലങ്കര കാത്തലിക് ചർച്ച് ഇടവകാംഗമാണ് അദ്ദേഹം. സിനിമ-ടെലിവിഷനിൽ എം.എ. ബിരുദാനന്തരബിരുദവും, റോമിലെ ലാറ്ററൻ യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റും നേടിയിട്ടുണ്ട്.

**റവ. ഫാ. പ്രസാദ് ജോസഫ് കണ്ടത്തിപ്പറമ്പിലിനെ** കെസിബിസി ലേബർ കമ്മീഷൻ സെക്രട്ടറിയായി നിയമിച്ചു. കൊച്ചി രൂപതാംഗമാണ് അദ്ദേഹം. കൊച്ചി സോഷ്യൽ സർവീസ് അസിസ്റ്റന്റ് ഡയറക്ടർ, കെ.എൽഎം. രൂപതാ ഡയറക്ടർ, ജൂബിലി മെമ്മോറിയൽ ഇൻഡസ്ട്രിയൽ ട്രെയിനിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ എന്നീ നിലയിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

**ശ്രീമതി ജയിൻ ആൻസിൽ ഫ്രാൻസിസ്** കെസിബിസി വിമൻസ് കമ്മീഷൻ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. കൗൺസിൽ ഓഫ് കാത്തലിക് വിമൻ ഓഫ് ഇന്ത്യയുടെ വൈസ് പ്രസിഡന്റ്, മെമ്പർ, കേരള റീജിയൻ ലാറ്റിൻ കാത്തലിക് കൗൺസിൽ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. കേരള ലാറ്റിൻ കാത്തലിക് വിമൻസ് അസോസിയേഷൻ പ്രസിഡന്റ്, കേരള ടൂറിസം വർക്കേഴ്സ് കോൺഗ്രസ് വൈസ് പ്രസിഡന്റ്, കെസിബിസി വിമൻസ് കമ്മീഷൻ ജോയിന്റ് സെക്രട്ടറി, കൊല്ലം ജില്ല വിമൻസ് കൗൺസിൽ വൈസ് പ്രസിഡന്റ്, കോൺഗ്രസ് കമ്മറ്റി ജനറൽ സെക്രട്ടറി എന്നീ മേഖലകളിലും സേവനം ചെയ്യുന്നു. കൊല്ലം രൂപതാംഗമാണ് ശ്രീമതി ജയിൻ ആൻസിൽ.

**റവ. ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./
ഡയറക്ടർ, പി.ഒ.സി.


ഫാ. സ്റ്റീഫൻ തോമസ്


ഫാ. എബ്രാഹം


ഫാ. പ്രസാദ്


ജയിൻ ആൻസിൽ

PRESIDENT
MOST REV. DR. SOOSA PAKIAM
Archbishop of Trivandrum,
Archbishop's House,
Vellayambalam, Kawdiar P.O.
Trivandrum 695 003.
Ph: 0471 2724001, 2724002, Fax: 0471 2725001
E-mail: archbishop@archtvm.in

VICE-PRESIDENT
DR. YOOHANON MAR CHRYSOSTOM
Bishop of pathanamthitta
Santhome Catholic Bishop's House
St. Peter's Junction
Pathanamthitta – 689 645
Ph: 0468-2223100, Fax: 0468-2223100
Email: bpdiopta@gmail.com

SECRETARY GENERAL
MAR MATHEW MOOLAKKATT
Archbishop of Kottayam
Catholic Archbishop's House,
P.B. No. 71, Kottayam 686 001.
Ph: 0481 2563527, 2563812, Fax: 0481 2563327
E-mail: marmosb@yahoo.com

DEPUTY SECRETARY GENERAL
FR. VARGHESE VALLIKKATT
Pastoral Orientation Centre
P.B. No. 2251, Kochi-682 025
Tel: +91-484-2805722, 2805815,
Fax: 2806214
E-mail: vallikkatt@gmail.com